# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2716 — 14.02.2013 ൽ മറുപടിയ്ക്ക്

## ഭാരതപ്പുഴയ്ക്ക് കുറുകെ ചെറുതുരുത്തിയിൽ തടയണ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ. രാധാകൃഷ്ണൻ | ശ്രീ.പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ഭാരതപ്പുഴയ്ക്ക് കുറുകെ ചേലക്കര മണ്ഡലത്തിലെ ചെറുതുരുത്തിയിൽ തടയണ നിർമ്മിക്കുവാൻ പദ്ധതി തയ്യാറാക്കിയ സാഹചര്യമെന്താണെന്ന് വ്യക്തമാക്കാമോ ; | (എ) ഭാരതപ്പുഴയ്ക്ക് മേൽഭാഗങ്ങളിൽ ഡാമുകൾ ഉണ്ടെങ്കിലും കീഴ്ഭാഗങ്ങളിൽ ജലസേചന പദ്ധതികളുടെ അഭാവം മൂലം വേണ്ടത്ര ജലം സംഭരിക്കുവാനോ ഉപയോഗിക്കുവാനോ കഴിഞ്ഞിരുന്നില്ല. ഈ പ്രദേശങ്ങളിലെ കുടിവെള്ളത്തിനും കൃഷിക്കും വേണ്ടിയുള്ള വർദ്ധിച്ച് വരുന്ന ജലത്തിന്റെ ആവശ്യകതയ്ക്ക് ഒരു പരിഹാരമായാണ് ഭാരതപ്പുഴയ്ക്കു കുറുകേ ചെറുതുരുത്തി പാലത്തിന് 250 മീറ്റർ താഴെ ഒരു തടയണ നിർമ്മിക്കാൻ തീരുമാനിച്ചത്.<br>ഈ തടയണയിലൂടെ വള്ളത്തോൾ നഗർ, പാഞ്ഞാൾ, ചേലക്കര, വടക്കാഞ്ചേരി എന്നീ പഞ്ചായത്തുകളിലേയ്ക്കും ഷൊർണ്ണൂർ മുനിസിപ്പാലിറ്റിയ്ക്കും കുടിവെള്ളത്തിനും, ജലസേചനത്തിനും ഉപകരിയ്ക്കുന്ന നിലയ്ക്കാണ് ഈ തടയണ നിർമ്മാണം വിഭാവനം ചെയ്തത്. |
| (ബി) പ്രസ്തുത തടയണ നിർമ്മാണം എപ്പോഴാണ് ആരംഭിച്ചത് ; ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ; | (ബി) ചെറുതുരുത്തി തടയണയുടെ നിർമ്മാണം 2008 നവംബർ 27-ാം തീയതി ആരംഭിച്ചു. ആദ്യപാക്കേജിലെ തടയണയുടെ പണി പൂർത്തിയായതിനെ തുടർന്ന് നിർമ്മാണസ്ഥലത്തെ വെള്ളം വറ്റിയ്ക്കുന്നതുമായി ബന്ധപ്പെട്ട സാങ്കേതിക പ്രശ്നങ്ങൾ കാരണം 2010-11 ൽ നിർമ്മാണ പ്രവർത്തിയിൽ കാര്യമായ പുരോഗതി കൈവരിയ്ക്കുവാൻ കഴിഞ്ഞില്ല. |

| | | | |
|---|---|---|---|
| (സി) | തടയണ നിർമ്മാണം സ്തംഭനാവസ്ഥയിലാകാനുള്ള കാരണവും തടസ്സങ്ങൾ മാറ്റി നിർമ്മാണം പുനരാരംഭിക്കുവാനും സ്വീകരിച്ച നടപടികളും വിശദമാക്കുമോ ; | (സി) & (ഡി) | നിർമ്മാണസ്ഥലത്തെ വെള്ളം വറ്റിക്കുന്നതുമായി ബന്ധപ്പെട്ട സാങ്കേതിക പ്രശ്നങ്ങൾ കാരണം പണി സ്തംഭനാവസ്ഥയിലായതിനെ തുടർന്ന് പണി പുനരാരംഭിക്കാൻ ജലസേചനവകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 2011 നവംബർ 4-ാം തീയതി യോഗം കൂടി. യോഗതീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി എസ്റ്റിമേറ്റ് പുതുക്കി നൽകിയെങ്കിലും കരാറുകാരന്റെ നിര്യാണത്തെ തുടർന്ന് (10/0[illegible]/2012) കരാർ റദ്ദ് ചെയ്യുകയാണ് ഉണ്ടായത്. റദ്ദ് ചെയ്തതിന് ശേഷം പൂർത്തിയാക്കാനുള്ള പ്രവൃത്തികൾക്ക് 12.20 കോടി രൂപയുടെ എസ്റ്റിമേറ്റ് തൃശ്ശൂർ ജില്ലാകളക്ടർ സർക്കാരിലേക്ക് ലഭ്യമാക്കിയിട്ടുണ്ട്. ആയത് പരിശോധിച്ചു വരുന്നു. |
| (ഡി) | കുടിവെള്ളക്ഷാമവും വരൾച്ച കാരണം കാർഷിക തകർച്ചയും നേരിടുന്ന സാഹചര്യത്തിൽ തടയണ നിർമ്മാണം എപ്പോൾ പുനരാരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ? | | |

സെക്ഷൻ ഓഫീസർ